"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. വിജി. റ്റി.വി യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.397/2022/LSGD തീയതി,തിരുവനന്തപുരം, 22-02-2022

പരാമർശം:-
1. ശ്രീമതി. വിജി. റ്റി.വി സമർപ്പിച്ച 19.10.2017തീയതിയിലെ അവധി അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 29.10.2019, 10.10.2021 ലെ PAN/23591/2018-E10(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. വിജി. റ്റി.വി 20.10.2017 മുതൽ 16.04.2018 വരെയുള്ള ശൂന്യവേതനാവധികൾ മെഡിക്കൽ സർട്ടിഫിക്കറ്റിമേലുള്ള ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി. വിജി. റ്റി.വി 20.10.2017 മുതൽ 16.04.2018 വരെ ശൂന്യവേതനാവധിയിലും 17/04/2018 മുതൽ 13/10/2018 വരെ പ്രസവാവധിയിലും, പ്രസവാവധിയെതുടർന്ന് 14/10/2018 മുതൽ 12/12/2018 വരെ ശൂന്യവേതനാവധിയിലായിരുന്നുവെന്നും അവധിക്ക് ശേഷം 13/12/2018 തീയതിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയും 17/4/2018 മുതൽ 12/12/2018 വരെയുള്ള സേവനവിവരങ്ങൾ രേഖപ്പെടുത്തി സേവനപുസ്തകവും 20.10.2017 മുതൽ 16.01.2018 വരെയുള്ള കാലയളവിലെ മെഡിക്കൽ സർട്ടിഫിക്കറ്റും ലഭ്യമാക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. വിജി. റ്റി.വി യ്ക്ക് 20.10.2017 മുതൽ 16.01.2018 വരെ, ടി കാലയളവ് ആർജ്ജിത അവധിയിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, 17.01.2018 മുതൽ 16.04.2018 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയിക്ക് പരിഗണിക്കുകയില്ല

എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. വിജി. റ്റി.വി, ഓഫീസ് അറ്റൻഡന്റ്, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. ( അപേക്ഷകയുടെ സേവനപുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/14/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danyielll
സെക്ഷൻ ഓഫീസർ